**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1265** **15-10-2026-ൽ മറുപടിയ്ക്ക്**

**റവന്യൂ പുറമ്പോക്ക് ഭൂമി**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. ജി. സുധാകരൻ ശ്രീ. എ. പി. അനിൽ കുമാർ
(റവന്യൂ വകുപ്പ് മന്ത്രി)

**(എ)** ജി.ഒ.(പി) നം. 150/2026/ആർ.ഡി.തീയതി 15-03-2026 പ്രകാരമുള്ള കേരള സർക്കാർ ഭൂമി പതിവ് ഭേദഗതി ചട്ടങ്ങൾ 2026-ന്റെ അടിസ്ഥാനത്തിൽ സ്വീകരിക്കേണ്ട തുടർനടപടികൾ സംബന്ധിച്ച സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജർ അംഗീകരിച്ച് പുറപ്പെടുവിച്ച റവന്യൂ (യു)വകുപ്പ് ഉത്തരവ് സ.ഉ.(കൈ)നം. 230/2026/ആർ.ഡി. തീയതി 31-07-2026-ന്റെ അടിസ്ഥാനത്തിൽ നാളിതുവരെ ഏതെങ്കിലും പട്ടാദാരൻ അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

**മറുപടി:** ജി.ഒ.(പി)നം.150/2026/ആർ.ഡി. തീയതി 15-03-2026 പ്രകാരമുള്ള കേരള സർക്കാർ ഭൂമി പതിവ് ഭേദഗതി ചട്ടങ്ങൾ 2026 പ്രകാരം ലഭ്യമായ അപേക്ഷകളുടെ എണ്ണം അനുബന്ധം ആയി ചേർക്കുന്നു.

സംസ്ഥാനത്തൊട്ടാകെ പ്രസ്തുത റൂൾ പ്രകാരം 87 അപേക്ഷകൾ ലഭ്യമായിട്ടുണ്ട്.

**(ബി)** സ.ഉ.(കൈ) നം.230/2026/ആർ.ഡി.തീയതി 31-07-2026 പ്രകാരം പട്ടാദാരൻ അപേക്ഷ സമർപ്പിക്കാതിരിക്കുകയും അത്തരത്തിലുള്ള പട്ടയഭൂമി നാളിതുവരെ അനുവദിക്കപ്പെട്ട ആവശ്യത്തിനുപോലും ഉപയോഗിക്കാതെ കിടക്കുകയും ചെയ്യുന്ന സാഹചര്യം നിയമസഭാംഗം എന്ന നിലയിൽ ജില്ലാ കളക്ടർമാരുടെ ശ്രദ്ധയിൽപ്പെടുത്തിയാൽ പ്രസ്തുത ഭൂമി മേൽ ഉത്തരവിലെ ഖണ്ഡിക 1.7-ൽ പരാമർശിച്ചിട്ടുള്ള മറ്റ് ആവശ്യങ്ങൾക്കായി ഏറ്റെടുക്കാൻ കഴിയുമോ; വിശദമാക്കുമോ;

**മറുപടി:** 07.06.2024 നോ അതിന് മുമ്പോ അനുവദിയ്ക്കപ്പെട്ട പട്ടയഭൂമികൾ ഏത് ആവശ്യത്തിനാണോ അനുവദിച്ചത് അതല്ലാത്ത മറ്റ് ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതിന് പട്ടാദാർക്ക് അനുമതി നൽകുന്നതിനാണ് 2026 ലെ ചട്ടം പ്രകാരം കഴിയുന്നത്. സ.ഉ.(കൈ) നം.230/2026/ആർ. ഡി. തീയതി 31-07-2026 ഉത്തരവില ഖണ്ഡിക 1.7-ൽ പരാമർശിച്ചിട്ടുള്ള മറ്റ് ആവശ്യങ്ങൾക്കായി ഏറ്റെടുക്കാൻ കഴിയുകയില്ല.

**(സി)** കേരളത്തിലെ കോർപ്പറേഷൻ, നഗരസഭ, മുനിസിപ്പാലിറ്റി പരിധികളിൽ ഉപയോഗിക്കാതെ കിടക്കുന്ന റവന്യൂ പുറമ്പോക്ക് ഭൂമി കണ്ടെത്തി, അത്തരം ജില്ലകളിൽ വാടകക്കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സർക്കാർ ഓഫീസുകളുടെ കണക്കെടുത്ത്, ആവശ്യമായ വിസ്തൃതിയിൽ സിവിൽ സ്റ്റേഷൻ അനക്സ് കെട്ടിടങ്ങൾ നിർമ്മിച്ച് ഈ സർക്കാരിന്റെ കാലയളവിൽ തന്നെ

പൂർത്തിയാക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണ്; വിശദാംശം ലഭ്യമാക്കുമോ?

**<u>മറുപടി:</u>** ഭൂവിനിയോഗനയം പരിഷ്കരിച്ച സർക്കാർ ഭൂമി അനുവദിക്കൽ, പുനരാരംഭിക്കൽ, പരിപാലനം എന്നിവക്കുള്ള ഭൂനയം രൂപപ്പെടുത്തുന്നതിന്റെ ഭാഗമായി ഉപയോഗിക്കാതെ കിടക്കുന്ന റവന്യൂ പുറമ്പോക്ക് ഭൂമിയുടെ വിവരശേഖരണം നടന്നുവരുന്നു. ആയത് പൂർത്തിയാകുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിക്കുന്നതാണ്.

**(ഡി)** ഇത്തരം സിവിൽ സ്റ്റേഷൻ അനക്സ് കെട്ടിടങ്ങൾ നിർമ്മിക്കുമ്പോൾ സാധ്യമായ സ്ഥലങ്ങളിൽ വാണിജ്യ സ്ഥാപനങ്ങൾക്കായി സ്ഥലം കണ്ടെത്തി കെട്ടിടങ്ങൾ നിർമ്മിച്ച് വാടകയ്ക്ക് നൽകുന്നതിലൂടെ സർക്കാരിന് അധിക വാടക വരുമാനം കണ്ടെത്താൻ കഴിയുമോ; വിശദമാക്കുമോ?

**<u>മറുപടി:</u>** പരിശോധിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**

# അനുബന്ധം

| ജില്ല | ഫോം എ | ഫോം ബി | ഫോം ഡി | ആകെ |
|---|---|---|---|---|
| തിരുവനന്തപുരം | 0 | 0 | 0 | 0 |
| കൊല്ലം | 0 | 0 | 0 | 0 |
| പത്തനംതിട്ട | 0 | 0 | 0 | 0 |
| ആലപ്പുഴ | 0 | 0 | 0 | 0 |
| കോട്ടയം | 0 | 0 | 0 | 0 |
| ഇടുക്കി | 21 | 2 | 30 | 53 |
| എറണാകുളം | 0 | 0 | 1 | 1 |
| തൃശ്ശൂർ | 11 | 0 | 2 | 13 |
| പാലക്കാട് | 0 | 0 | 0 | 0 |
| മലപ്പുറം | 0 | 0 | 0 | 0 |
| കോഴിക്കോട് | 0 | 0 | 0 | 0 |
| വയനാട് | 0 | 0 | 1 | 1 |
| കണ്ണൂർ | 0 | 0 | 0 | 0 |
| കാസർഗോഡ് | 4 | 1 | 14 | 19 |

സെക്ഷൻ ഓഫീസർ